# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

19.02.2016 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2745

### നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് കഴിഞ്ഞ അഞ്ച് ബജറ്റുകളിലായി ഏതെല്ലാം പദ്ധതികളും പരിപാടികളുമാണ് പ്രഖ്യാപിച്ചിരുന്നത്; ഇതിൽ നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണ്; | (എ) നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് കഴിഞ്ഞ ബജറ്റുകളിൽ പ്രഖ്യാപിച്ചിരുന്നത് "Paddy Procurement through KSCSC" എന്ന പദ്ധതി ആണ്. ഇതിൽ നാളിതുവരെ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ നെല്ല് സംഭരണം നടന്നുവരുന്നു. 2013-14 ബജറ്റ് പ്രസംഗത്തിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 3 അരി മില്ലുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ അരിമില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല. |
| (ബി) സർക്കാർ മേഖലയിൽ അരിമില്ലുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഇതിനായി ബജറ്റിൽ തുക വകയിരുത്തിയിരുന്നോ; ഏതെല്ലാം സ്ഥലങ്ങളിൽ മില്ലുകൾ സ്ഥാപിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; ഇത് നടപ്പിലാക്കിയിട്ടുണ്ടോ; ഇതിനായി വകയിരുത്തിയ തുകയിൽ ഇതിനകം പിൻവലിച്ച തുകയെത്ര? | (ബി) 2013-14 -ലെ ബജറ്റ് പ്രസംഗത്തിൽ, സംഭരിക്കുന്ന നെല്ല് അരിയാക്കി വിപണനം ചെയ്യുന്നതിന് വയനാട്, കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ ഓരോ അരി മില്ലുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇത് നടപ്പിലാക്കിയിട്ടില്ല. ഇതിന് ബജറ്റിൽ 14 കോടി രൂപ അധികം വകയിരുത്തിയിരുന്നു. എന്നാൽ ഈ ഇനത്തിൽ നാളിതുവരെ തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ